**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **29-07-2021 - ൽ മറുപടിയ്ക്ക്**

**കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധിയിലായ കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധിയിലായ കയർത്തൊഴിലാളികളുടെ ക്ഷേമം മുൻനിറുത്തി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ ആശ്വാസമായി 1000/- രൂപ വീതം ധനസഹായം നല്കി വരുന്നു. കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിൻപ്രകാരം കയർ സഹകരണ സംഘങ്ങളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാകുടിശ്ശികകൾ, ഇ.പി.എഫ്. ഇ.എസ്.ഐ കുടിശ്ശിക തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി, വൈദ്യുതി, വെള്ളക്കരം മുതലായ കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി 25 കോടി രൂപ അനുവദിയ്ക്കുകയും അതിൽ 24.98 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദീകരിക്കാമോ? | (ബി) | കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഇതുകൂടാതെ കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു : 1. കയർ ഭൂവസ്ത്ര പ്രവർത്തനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണൊലിപ്പ് |

| | | | |
|---|---|---|---|
| | | | തടയൽ, നീർത്തട വികസനം, പാടശേഖരങ്ങളുടേയും ബണ്ടുകളുടെയും പുറംഭിത്തി ബലപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളിൽ കയർഭൂവസ്ത്രം വർദ്ധിച്ച രീതിയിൽ ഉപയോഗപ്പെടുത്തു വാനുള്ള ശ്രമം നടത്തിവരുന്നു. 2. ഗ്രാമീണ റോഡുകൾ ഉറപ്പുള്ളതാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കൽ, കേരളത്തിന്റെ പൊതുമരാമത്ത് റോഡുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാലം നിലനിർത്തുന്നതിനും ഉതകുന്നതരത്തിൽ നിർമ്മാണ പ്രക്രിയയിൽ കയർ ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കൽ എന്നീ മേഖലകളിലും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക. 3. കയർ ഉല്പന്നങ്ങളും മറ്റ് അനുബന്ധ ഉല്പന്നങ്ങളും വിദേശ വിപണികളിലും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പരമാവധി വിറ്റഴിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുക. 4. കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുക. 5. കയർ ഉല്പന്നമേഖലയിൽ പുതിയതരം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പരിപാടികൾ ശക്തിപ്പെടുത്തുക. 6. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ (ചകിരി, വിവിധതരം കയറുകൾ) കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്റർ നിലവാരത്തിൽ തൊണ്ട് തല്ല്, ചകിരി പിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്ന മുഴുവൻ തൊണ്ടുകളും ഇവിടെത്തന്നെ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുക. 7. കയർ വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ ശക്തിപ്പെടുത്തുക. 8. കയർമേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവസന്ധാരണത്തിന് ഉതകുന്നതരത്തിലുള്ള സേവന വേതന ഘടനകൾ നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ